എന്തെന്നാൽ, നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു.
നമുക്ക് ഒരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു.
ശക്തനായ ദൈവം, നിത്യനായ പിതാവ്,
സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും.

ഏശയ്യാ 9 : 6


# MERRY Christ MAS

& HAPPY NEW YEAR!

2023


# ടച്ച് മീ
TOUCH ME

ഡിസംബർ 2022


18-ാം
ചരമ വാർഷികം
09 - 12 - 2022
ഡോ. സി.എൽ. ജോസ്
ചുങ്കത്ത് ഹൗസ്
കുന്നംകുളം
സ്നേഹസ്മരണകളോടെ...
സന്തപ്ത കുടുംബാംഗങ്ങൾ



# ടച്ച് മീ
TOUCH ME

**പാരിഷ് ബുള്ളറ്റിൻ**

പുസ്തകം : 15 – 2022 ഡിസംബർ – ലക്കം : 4



സെന്റ്. സെബാസ്റ്റ്യൻസ് കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
മറ്റം ഫൊറോന – തൃശ്ശൂർ അതിരൂപത
kunnamkulamch@adtcr.org
www.touchmekkm.in

ESTD : 1747


## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**ഫാ. ദാവീദ് വിതയത്തിൽ**
70120 43479

എഡിറ്റർ
**ജോണി ബെപ്പോ**
93493 79009

സബ്ബ് എഡിറ്റേഴ്സ്
**സിസ്റ്റർ ഗീതിമരിയ** CMC
94958 55603

**M.K. ദേവസ്സി**
94953 28758

**ജോൺസൺ പാവു**
94476 54230

സെക്രട്ടറി, ഇടവക PRO
**V.C. ജോസി**
98470 17297
E-mail : vcjosy@gmail.com

ട്രഷറർ
**M.L. സുനിൽ**
98464 34411

അംഗങ്ങൾ
ഡോ. പോൾ C. റാഫേൽ 94467 22050
ജോയ്സി തോംസൺ തച്ചിൽ 81295 34205
ബിന്ദു രാജു 98478 31110
ആനന്ദി സുനിൽ 94958 55053

കൈക്കാരന്മാർ
എൻ.ജെ. ജെയ്മോൻ 88489 29956
കെ.ജെ. ജെയ്സൺ 99476 59286
ജോസ് കിരൺ 85476 68766


## താളുകൾ മറിയ്ക്കുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| കുടുംബകൂട്ടായ്മകളിലെ... | 4 |
| വിശ്വാസപരിശീലനം | 5 |
| സഭാ വാർത്തകൾ | 6 |
| ക്രിസ്തുമസ് സമ്മാനം | 7 |
| നാർസിസ്റ്റിക് പേഴ്സണാലിറ്റി... | 9 |
| ഹൃദയത്തിൽ സംഗ്രഹിക്കുക | 11 |
| കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ | 16 |
| ഓർമ്മിക്കേണ്ട ദിനങ്ങൾ | 17 |
| ക്രിസ്തുമസ് - പുതുവത്സര... | 18 |
| ഇടവകദിനം സംയുക്തവാർഷികം | 19 |
| ക്രിസ്തുരാജത്വ തിരുനാൾ | 20 |
| ബൈബിളിലൂടെ | 21 |
| പാചക കോർണർ | 23 |
| ചിൽഡ്രൻസ് കോർണർ | 24 |
| നിറംകൊടുക്കാമോ | 25 |
| ചിത്രശാല | 26 |
| അടിക്കുറിപ്പ് മത്സരം | 27 |
| ഉണ്ണീശോയ്ക്ക് ഒരു കത്ത് | 28 |
| വചന കലണ്ടർ | 32 |


## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

"ഞങ്ങൾ കിഴക്ക് നക്ഷത്രം കണ്ട് അവനെ ആരാധിക്കാൻ വന്നിരിക്കയാണ്".

ഫീബെഗർ എന്ന ബിസിനസ്സുകാരന്റെ ആത്മകഥ. പണം വാരിക്കൂട്ടിയ അദ്ദേഹം ദൈവത്തെ തന്റെ ജീവിതത്തിൽ നിന്നും മാറ്റിനിർത്തി. ആരോഗ്യം തകർന്ന അദ്ദേഹം ഡോക്ടറുടെ നിർദ്ദേശപ്രകാരം ലെയർക്ക് സുപ്പീരിയറിലെ ഐൽ റോയൽ എന്ന ദ്വീപിലേക്കുപോയി. ഒരു സായാഹ്നത്തിൽ വഞ്ചിയിൽ അയാൾ എങ്ങോട്ടെന്നില്ലാതെ സഞ്ചരിക്കുകയായിരുന്നു. ഉറക്കത്തിലമർന്ന അദ്ദേഹം അർദ്ധരാത്രിയിലാണ് ഉണർന്നത്. താൻ എവിടെയാണെന്ന് നിശ്ചയവുമില്ലാതെ അദ്ദേഹം ദീർഘദൂരം തുഴഞ്ഞു. നാലുപാടും നോക്കി. കരകാണാനില്ല.

അല്പം വിഷമത്തോടെയാണെങ്കിലും അദ്ദേഹം ദൈവത്തോടു വാഗ്ദാനം ചെയ്തു. "ദൈവമേ, ഇനിയും ജീവിക്കുവാൻ അവിടുന്നു അനുവദിക്കുകയാണെങ്കിൽ ശിഷ്ടായുസ്സിന്റെ പകുതി സമയം മനുഷ്യന്റെ നന്മയ്ക്കായി, പ്രത്യേകിച്ച് ചെറുപ്പക്കാരെ സഹായിക്കുന്നതിനായി വിനിയോഗിച്ചുകൊള്ളാം."

അങ്ങനെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ അംബരവീഥിയിൽ ഒരു അപൂർവ്വമായ നക്ഷത്രം ഉദിച്ചിരിക്കുന്നത് അദ്ദേഹം കണ്ടു. അയാൾ ബെത്‌ലഹമിലെ നക്ഷത്രത്തെക്കുറിച്ചോർത്ത് ആ നക്ഷത്രത്തെനോക്കി മണിക്കൂറുകൾ തുഴഞ്ഞു. തനിക്ക് ഇറങ്ങേണ്ട സ്ഥലത്തേക്കുതന്നെയാണ് അയാൾ നീങ്ങിക്കൊണ്ടിരിക്കുന്നത്.

ഫീബെഗറിനെപ്പോലെ കരക്കാണാക്കടലിൽ അന്ധകാര നിബിഡമായ രാത്രികാലത്ത് വഴിയറിയാതെ നട്ടംതിരിയുന്നവർക്ക് വഴികാണിച്ചുകൊടുക്കാൻ ഒരു നക്ഷത്രമുണ്ട്. അവർ കണ്ണുകൾ മുകളിലേയ്ക്കുയർത്തണം. എങ്കിൽ മാത്രമേ ആ നക്ഷത്രം കാണാൻ സാധിക്കൂ. ആ ജ്ഞാനികൾ കണ്ണുകളുയർത്തി നോക്കിയപ്പോഴാണ് നക്ഷത്രം കണ്ടത്.

ജ്ഞാനികൾ സമർപ്പിച്ച വസ്തുക്കൾ സ്വർണ്ണം, മീറ, കുന്തുരുക്കം എന്നിവയായിരുന്നു.

സ്വർണ്ണം - രാജാക്കന്മാർക്കുള്ള സമ്മാനമാണ്. ഈശോ സ്വർഗ്ഗീയ രാജാവാണ്.

കുന്തുരുക്കം - പുരോഹിത കാഴ്ചയാണ്. ഈശോയാണ് പുതിയ നിയമത്തിലെ ഏക പുരോഹിതൻ.

മീറാ - മരിക്കുന്നവർക്ക് കൊടുക്കുന്നതാണിത്. മരണം വഴി നിത്യജീവൻ നൽകാൻ അവിടുന്ന് ജനിച്ചു.

നമ്മുടെ ക്രിസ്തുമസ് രാവിൽ ഈശോയ്ക്ക് സമർപ്പിക്കാനുള്ള സമർപ്പണ വസ്തുക്കൾ ഒരുക്കിവെയ്ക്കാം. പാപത്തിന്റെ വഴിയിൽ നിന്നും യഥാർത്ഥവഴിയിലേക്ക് കടന്നുവരാം. കുനിഞ്ഞിറങ്ങുന്ന പുൽക്കൂട്ടിലാകണം നമ്മുടെ സ്ഥിര താമസം.

ഏവർക്കും ക്രിസ്തുമസ് - പുതുവത്സര ആശംസകൾ നേർന്നുകൊണ്ട്

ടച്ച് മീ
TOUCH ME
*എഡിറ്റോറിയൽ ബോർഡ്*

## ഇടയമൊഴി



# ഉണർവ്വ്

നിഷ്ക്രിയത്വമാണ് ഉറക്കം...
മാനസീകവും ശാരീരികവുമായ ആലസ്യം.
നിദ്രാഭാരത്താൽ ശിഷ്യന്മാർക്ക്,
ഗെദ്സമൻ തോട്ടത്തിൽ-
ഇറ്റിറ്റ് വീണ ഗുരുവിന്റെ രക്തതുള്ളികൾ,
കാണാൻ പോലും സാധിച്ചില്ല.
യേശുവിന്റെ നൊമ്പരവീഥികളിൽ,
അതിനാൽ തന്നെ അവർ-
നിസംഗരായിരുന്നു ഉടനീളം.....
എന്നാൽ പെന്തകുസ്തദിനം
ശിഷ്യന്മാർക്ക് ഒരു ഉണർവ്വിന്റെ...
അനുഭവമായിരുന്നു....
നിദ്രയിൽ നിന്ന് ഉണർന്ന യൗസേപ്പിതാവ്
ദിവ്യരക്ഷകന്റെ രക്ഷകനായി....
ക്രിസ്സ്മസ് രാത്രിയിൽ ഉറക്കമുണർന്ന
ആട്ടിടയർക്കും കുഞ്ഞാടുകൾക്ക് പോലും
ദിവ്യമഹത്വം ദർശിക്കാനായി....
ഉണരണം നാമും തഴക്കദോഷത്തിന്റെ -
ആലസ്യത്തിൽനിന്ന്.... നിഷ്ക്രിയത്വത്തിന്റെ,
കട്ടിലിൽ നിന്ന്.... തിരുപ്പിറവിയുടെ,
മഹത്വം കാണാൻ...

*സസ്നേഹം*
**ദാവീദച്ചൻ**



## 2022 കുടുംബവർഷത്തിന്റെ ഭാഗമായി
### കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവക

# കുടുംബകൂട്ടായ്മകളിലെ
# വിശുദ്ധ കുർബാന

**സെന്റ് സേവ്യർ കുടുംബകൂട്ടായ്മ**

2022 ഡിസംബർ 3 ശനി വൈകീട്ട് 7 മണിക്ക്
തച്ചിൽ ജോൺ തോംസന്റെ ഭവനം
(തെക്കേപ്പുറം, കുന്നംകുളം)

**സെന്റ് തോമസ് കുടുംബകൂട്ടായ്മ**

2022 ഡിസംബർ 5 തിങ്കൾ വൈകീട്ട് 7 മണിക്ക്
നിരപ്പേൽ പുത്തൻപുര ജോസഫ് ജെയ്മോൻ ഭവനം
(താഴത്തങ്ങാടി, കുന്നംകുളം)

**മേരിമാതാ കുടുംബകൂട്ടായ്മ**

2022 ഡിസംബർ 9 വെള്ളി വൈകീട്ട് 7 മണിക്ക്
ചുങ്കത്ത് ജോസ് ഡോ. സിജുവിന്റെ ഭവനം
(ഇന്ദിരാനഗർ 2nd അവന്യു, കുന്നംകുളം)

**സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ**

2022 ഡിസംബർ 10 ശനി വൈകീട്ട് 7 മണിക്ക്
വടക്കൂട്ട് ഞാറയിൽ ചാക്കുണ്ണി ജോസിയുടെ ഭവനം
(ഫയർ സ്റ്റേഷന് സമീപം, കുന്നംകുളം)

**സെന്റ് ജോസഫ് കുടുംബകൂട്ടായ്മ**

2022 ഡിസംബർ 14 ബുധൻ വൈകീട്ട് 7 മണിക്ക്
ചുങ്കത്ത് ബേബി പേൾജുവിന്റെ ഭവനം
(ഗുരുവായൂർ റോഡ്, കുന്നംകുളം)

**സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ**

2022 ഡിസംബർ 21 ബുധൻ വൈകീട്ട് 7 മണിക്ക്
ചൊവ്വല്ലൂർ ജോസഫ് പോളിന്റെ ഭവനം
(ചെറുകുന്ന്, കുന്നംകുളം)






പി.എ. ലില്ലി
(പ്രിൻസിപ്പാൾ)

# വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളെ

എല്ലാവർക്കും സുഖമല്ലേ? ക്രിസ്തുമസ് അടുത്തെത്തിയതിന്റെ സന്തോഷത്തിലാണ് എല്ലാവരും അല്ലേ? ഡിസംബർ സന്തോഷത്തിന്റെ മാസമാണ്. മഞ്ഞും തണുപ്പും നക്ഷത്രങ്ങളുമൊക്കെയായി ഉണ്ണിയേശു പിറക്കുന്നതിന്റെ സന്തോഷം. എല്ലാ വർഷവും ഡിസംബർ 25ന് പുൽത്തൊട്ടിയിൽ ഉണ്ണിയേശു ജനിയ്ക്കുന്നു. അതുകഴിഞ്ഞോ? നമ്മൾ ഉണ്ണിയേശുവിനെ മറക്കുന്നു; അടുത്ത ക്രിസ്തുമസ് വരെ നമ്മുടെ ഹൃദയത്തിൽ ഉണ്ണിയേശു ജനിക്കുന്നുണ്ടോ? ഇല്ലെങ്കിൽ ക്രിസ്മസ് ആഘോഷിച്ചതുകൊണ്ട് ഒരുകാര്യവുമില്ല. ഹൃദയത്തിൽ ഒരിടം ഉണ്ണിയേശുവിന് ജനിയ്ക്കാനായി കൊടുക്കുമ്പോഴാണ് ക്രിസ്തുമസ് ആഘോഷത്തിന് അർത്ഥമുണ്ടാകുന്നത്.

സുകൃതജപങ്ങൾ കൊണ്ട് ഉണ്ണിയേശുവിന് കുപ്പായവും തൊപ്പിയും സോക്സും ഉണ്ടാക്കികൊടുത്ത കുട്ടിക്കാലം ഓർമ്മയില്ലേ? ആ കാലത്തിലേയ്ക്ക് നമുക്ക് തിരിച്ചുപോകാം. നമ്മുടെ ഉള്ളിൽ ജനിയ്ക്കുന്ന ഉണ്ണിയേശുവിനെ സ്വീകരിക്കാം.

അതോടൊപ്പം ഈയൊരു വർഷം കഴിഞ്ഞുപോവുകയാണ്. പുതിയ വർഷം പിറക്കുന്നു. പുതുവർഷത്തിൽ പുതിയ പ്രതീക്ഷകളും പ്രതിജ്ഞകളും ഉണ്ടാവും. കൊച്ചിയിൽ വർഷാവസാനത്തിൽ പഴയ മനുഷ്യനെ കത്തിക്കുന്ന ചടങ്ങ് ഉണ്ടായിരുന്നു. നമ്മുടെ ദുഃശ്ശീലങ്ങളും ദുർവാസനകളും കത്തിച്ച് പുതിയ മനുഷ്യനാവുന്നതിന്റെ പ്രതീകമാണത്. അതുപോലെ നമ്മിലെ പഴയ മനുഷ്യനെ കത്തിച്ചുകളഞ്ഞ് പുതിയ മനുഷ്യനാവാൻ പ്രതിജ്ഞ എടുക്കണം.

ക്രിസ്തുമസ് - പുതുവത്സരാശംസകളോടെ... സ്നേഹത്തോടെ

ലില്ലിടീച്ചർ




**1. വി. ഫ്രാൻസീസ് സേവ്യറിന്റെ തിരുശേഷിപ്പ് വണക്കത്തിന് അവസരം ഒരുങ്ങുന്നു; തിയ്യതി പ്രഖ്യാപിച്ച് സഭാ നേതൃത്വം**

ഗോവ : ഭാരതത്തിന്റെ ദ്വിതീയ അപ്പസ്തോലനും പ്രേഷിത പ്രവർത്തനങ്ങളുടെ മധ്യസ്ഥനുമായ വിശുദ്ധ ഫ്രാൻസീസ് സേവ്യറിന്റെ തിരുശേഷിപ്പ് വണങ്ങാൻ വീണ്ടും അവസരം ഒരുങ്ങുന്നു. ലോകം കാത്തുകാത്തിരിക്കുന്ന, 10 വർഷത്തിലൊരിക്കൽ നടക്കുന്ന പൊതു ദർശനത്തിന് രണ്ടുവർഷം കൂടി കാത്തിരിക്കണമെങ്കിലും തിയ്യതികൾ പ്രഖ്യാപിച്ചതോടെ വലിയ ആവേശത്തിലാണ് ഗോവയും വിശുദ്ധന്റെ ഭൗതിക ശരീരം സൂക്ഷിച്ചിരിക്കുന്ന ബോം ജീസസ് ബസിലിക്കയും. 2024 നവംബർ 21 മുതൽ 2025 ജനുവരി 5 വരെ ഭൗതിക ദേഹം പൊതു വണക്കിന് വെയ്ക്കുമെന്ന വിവരം ഇക്കഴിഞ്ഞ ദിവസം ഗോവ-ദാമൻ അതിരൂപതാദ്ധ്യക്ഷൻ കർദ്ദിനാൾ ഫിലിപ്പെനേരി ഫെറാവോയാണ് അറിയിച്ചത്.

**2. ക്രിസ്തുവിനെ പ്രതി കഴിഞ്ഞ 10 മാസത്തിനിടെ നൈജീരിയയിൽ രക്തസാക്ഷിത്വം വരിച്ചത് 4020 പേർ; ബന്ധികളാക്കപ്പെട്ടത് 2000ത്തിൽപ്പരം പേർ.**

അബൂജ : പശ്ചിമാഫ്രിക്കൻ രാജ്യമായ നൈജീരിയയിൽ 2022 ജനുവരി 1 മുതൽ ഒക്ടോബർ 31 വരെയുള്ള 10 മാസത്തിനിടെ ക്രിസ്തു വിശ്വാസത്തെപ്രതി 4020 പേർ കൊല്ലപ്പെട്ടുവെന്ന നടുക്കുന്ന റിപ്പോർട്ട് പുറത്ത്. നൈജീരിയൻ ക്രൈസ്തവർ നേരിടുന്ന മതപീഡനങ്ങളെക്കുറിച്ച് പഠനം നടത്തുന്ന 'ദ ഇന്റർനാഷണൽ സിവിൽ ലിബർട്ടീസ് ആന്റ് റൂൾ ഓഫ് ലോ' (ഇന്റർ സൊസൈറ്റി) എന്ന സന്നദ്ധ സംഘടനയാണ് നടുക്കുന്ന ഈ റിപ്പോർട്ട് പുറത്തുവിട്ടത്. ഇക്കാലത്തിനിടെ 2315 ക്രൈസ്തവരെ ബന്ധികളായി തട്ടിക്കൊണ്ടുപോയിട്ടുണ്ടെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു.


**3. പരിശുദ്ധ ദൈവമാതാവിന്റെ അമലോത്ഭവ തിരുനാളിൽ ലോകമെമ്പാടും സ്ത്രീകളുടെ ജപമാല യജ്ഞം.**

വാഷിംഗ്ടൺ ഡി.സി. : പരിശുദ്ധ ദൈവമാതാവിന്റെ അമലോത്ഭവ തിരുനാളായ ഡിസംബർ 8ന് പൊതു നിരത്തിൽ വിശേഷാൽ ജപമാല യജ്ഞത്തിന് ആഹ്വാനവുമായി വനിതാ പ്രാർത്ഥന കൂട്ടായ്മകൾ. ലോകമെമ്പാടുമുള്ള വിവിധ രാജ്യങ്ങളിൽ അന്നേദിവസം സ്ത്രീകളുടെ ജപമാല അർപ്പണം ക്രമീകരിക്കാനുള്ള ഒരുക്കങ്ങൾ നടക്കുകയാണിപ്പോൾ.



# ക്രിസ്തുമസ് സമ്മാനം

സിസ്റ്റർ സാനി തെരേസ്



ക്രിസ്തുമസ് കാലം സമ്മാനങ്ങളുടെ കാലമാണ്. കൈനിറയെ സമ്മാനങ്ങളുമായ് വരുന്ന സാന്താക്ലോസ് കുട്ടികളുടെ ഇഷ്ട കഥാപാത്രമാണ്. ക്രിസ്തുമസ് രാത്രി ആരുമറിയാതെ കൊണ്ടുവന്നുവയ്ക്കുന്ന സമ്മാനപ്പൊതികളെ സ്വപ്നം കണ്ട് കിടന്നുറങ്ങുന്ന കുട്ടികളുണ്ട്. ചരിത്രതാളുകളിൽ മറിക്കുമ്പോൾ പാവപ്പെട്ടവർക്കു വേണ്ടി ജീവിതം മാറ്റിവെച്ച സെന്റ് നിക്കോളാസാണ് പിന്നീട് കൈനിറയെ സമ്മാനങ്ങളുമായി വരുന്ന സാന്താക്ലോസായി മാറിയത്. പാവപ്പെട്ടവരുടേയും വേദനിക്കുന്നവരുടേയും ഭവനങ്ങളിൽ രാത്രികാലങ്ങളിൽ അവർക്കാവശ്യമുള്ളവ ആരുമറിയാതെ കൊണ്ടുവന്നു വച്ചിരുന്നു. നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കുക (മർക്കോ. 12:30) എന്ന യേശുക്രിസ്തുവിന്റെ വാക്കുകൾ സ്വന്തമാക്കിയ വി. നിക്കോളാസ് “നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക” (മർക്കോ 12:31) എന്ന അവിടുത്തെ കൽപ്പനയും ജീവിതത്തിൽ നിറവേറ്റി. തന്റെ സമ്പത്തുകൊണ്ട് അയൽക്കാരനെ സേവിച്ചുകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തിയ വി. നിക്കോളോസ് സാന്താക്ലോസ്സായി, ക്രിസ്തുമസ്സ് സമ്മാനങ്ങൾ നൽകുവാൻ ഏവർക്കും മാതൃകയായി മാറി.

സമ്മാനങ്ങൾ നൽകുന്നത് സ്നേഹത്തിന്റെ പ്രകടനമാണ്. മനുഷ്യകുലത്തിന് ഇതുവരെ ലഭിച്ചിട്ടുള്ളതിൽ വെച്ച് ഏറ്റവും വലിയ സമ്മാനമാണ് ഈശോ.

ദൈവത്തിനല്ലാതെ മറ്റാർക്കും നൽകാൻ കഴിയാത്ത ഏറ്റവും അമൂല്യമായ സമ്മാനമാണ് ക്രിസ്തുമസ്സ്. എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, നിന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു” (യോഹ 3:16). ദൈവം നൽകിയ വിലയേറിയ സമ്മാനം ലോകരക്ഷകനായ അവന്റെ പ്രിയ പുത്രനായിരുന്നു. ദൈവം നമുക്കു നൽകിയ അത്ഭു

തകരമായ ഈ സമ്മാനത്തിന്റെ മൂല്യം അളക്കാനോ വിലകൊടുത്തുവാങ്ങുവാനോ ആർക്കും സാധ്യമല്ല. എല്ലാവരേയും ജീവനിലേക്ക് നയിക്കുവാൻ കഴിയുന്ന ഒരേയൊരു സമ്മാനം ക്രിസ്തുവാണ്. ക്രിസ്തുമസ്സ് സമ്മാനങ്ങൾക്കിടയിൽ ഈ അമൂല്യ സമ്മാനത്തെ നാം ഓർക്കുന്നുണ്ടോ?

ദൈവം എനിക്കു നൽകുന്ന ക്രിസ്തുമസ് സമ്മാനമാണ് ഈശോ. ഓരോ ദിവസവും സമ്മാനവുമായി അവിടുന്ന് എന്നെ തേടിവരുന്നു. ഈശോ തന്നെത്തന്നെ (തന്റെ ശരീരവും രക്തവും) സമ്മാനമായി നമുക്കു നൽകി. അവർണ്ണനീയമായ ഈ ദാനത്തിന് നാം എത്ര നന്ദിപറഞ്ഞാലാണ് മതിയാവുക.

പ്രഭാതത്തിൽ അമൂല്യസമ്മാനവുമായി നമ്മെ കാത്തിരിക്കുന്ന ഈശോയുടെ പക്കൽ അണയുവാനും വി. കുർബാനയാകുന്ന ഈ അത്ഭുത സമ്മാനം ഏറ്റവും സ്നേഹത്തോടെ സ്വീകരിക്കുവാനും നമുക്കും പരിശ്രമിക്കാം. ഈ ക്രിസ്തുമസ് ക്രിസ്തുവിനോടൊത്തുള്ള ആനന്ദനിമിഷങ്ങളാകട്ടെ.

# അഭിനന്ദനങ്ങൾ



തൃശൂർ അതിരൂപത മാതൃവേദി
4000ത്തിൽ അധികം അമ്മമാരെ പങ്കെടുപ്പിച്ച് പാലയൂരിൽ നടത്തിയ
മാർ തോമാശ്ലീഹായുടെ റമ്പാൻപാട്ട്
**ബെസ്റ്റ് ഓഫ് ഇന്ത്യ വേൾഡ് റെക്കോർഡ് കരസ്ഥമാക്കി.**
തൃശൂർ അതിരൂപത മാതൃവേദിയോടൊപ്പം റമ്പാൻപാട്ട് ആലപിച്ച
കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവക മാതൃവേദി അംഗങ്ങൾക്ക്
ഇടവകയുടേയും ടച്ച്-മീയുടേയും
**അഭിനന്ദനങ്ങൾ**




**MIDHUN**

S/o. Mrs. Baby Varghese & Mr. V.T. Varghese
Valiyaveetil House
P.O. Kunnamkulam, Kizhoor
Kunnamkulam

**CHRISTINA**

D/o. Mrs. Jenny Davis & Mr. P.A. Davis
Puthupulliparamban House
P.O. Thaikkattussery
Edakunni, Thrissur

*Sharing Happiness* *Nihara, Maya & Stephin*

# 2021-2022 വർഷത്തെ വിശ്വാസപരിശീലനത്തിന് ഒന്നാം സ്ഥാനവും രണ്ടാം സ്ഥാനവും കരസ്ഥമാക്കിയവർ

1st (Std. I)



Amal Joe Alappat

2nd (Std. I)



Godwin V.J.

1st (Std. II)



Anlet Maria

2nd (Std. II)



Albion P.S.

1st (Std. III)




Grace V. Manoj

2nd (Std. III)



Thanul Dipu

1st (Std. IV)



Abel Rose C.S.

2nd (Std. IV)




Eva Rose

1st (Std. V)



Christy V.J.

2nd (Std. V)



Lepriest Giju

1st (Std. VI)



Anna Johnson

2nd (Std. VI)




Anwin C.S.

1st (Std. VII)



Annrich Theresa Joy

2nd (Std. VII)



Aaron Francis

1st (Std. VIII)



Alona Babu

1st (Std. VIII)



Maria Suresh

2nd (Std. VIII)



Ashlin Rose Ditto

1st (Std. IX)



Angel Maria George

2nd (Std. IX)



Rose Mystica Sijo

1st (Std. X)



Sainya V.M.

2nd (Std. X)



Sandra V.M.

## 2021-2022 വർഷത്തെ വിശ്വാസപരിശീലനത്തിന്
## ഒന്നാം സ്ഥാനവും രണ്ടാം സ്ഥാനവും കരസ്ഥമാക്കിയവർ

*1st (Std. XI)*



Aleena C. Babu

*2nd (Std. XI)*



Aleesha Biju Chungath

*2nd (Std. XI)*



Sneha Loyd

*1st (Std. XII)*



Sanvy V.J.

*2nd (Std. XII)*



Chinju Kizhkkoot

*A.C.C.*



Aleena Sabu








## *Ashlin P. Ronald*

S/o. Mr. Ronald & Mrs. Shoby Ronald
Pulikkottil House
Kanippayoor

*Best Compliments From:* ***Alphin Ronald***



23rd YEARS ANNIVERSARY
22nd Happy Birthday
Sonnet Sunil
16th Happy Birthday
Senit Sunil
V.J. SUNIL & ANANDHI
Vakayil House, Kanippayur, Kunnamkulam




1 YEAR as Mr & Mrs
30-12-2022
Augustine & Akhila
Vazhappilly House
Chiralayam, Kunnamkulam
Sharing Happiness : Chechi & Jeeju
Appachan & Ammachi



# നാർസിസ്റ്റിക് പേഴ്സണാലിറ്റി ഡിസോർഡർ (Narcissistic Personality Disorder)

നിത ഡിന്റോ (ഫിസിയോതെറാപ്പിസ്റ്റ്)

ആധുനിക ലോകത്തിൽ പലപ്പോഴും കേട്ടുകൊണ്ടിരിക്കുന്ന വാക്കാണ് "നാർസിസിസ്റ്റിക് പേഴ്സണാലിറ്റി ഡിസോർഡർ. ഇതൊരു വ്യക്തിത്വ വൈകല്യമാണ്.

അവനോട് തന്നെ അമിതമായ ഇഷ്ടവും പ്രാധാന്യവും തോന്നുകയും, മറ്റുള്ളവർക്ക് തീരെ മൂല്യം കൽപ്പിക്കാതിരിക്കുകയും ചെയ്യുന്നവരെയാണ് പൊതുവെ നമ്മൾ 'നാർസിസ്റ്റു'കൾ എന്നു വിളിക്കുന്നത്.

**ലക്ഷണങ്ങൾ**

- ❖ അമിതമായ 'ഞാൻ', 'എന്റെ', 'എനിക്ക്' എന്നുള്ള ഈ വാക്കുകൾ ജീവിതത്തിന്റെ ഭാഗമാക്കുകയും, മറ്റുള്ളവരുടെ ചിന്തകൾക്ക് ഒരു വിലയും കൽപ്പിക്കാതെ ഇരിക്കുക.
- ❖ തീവ്രമായ ആത്മവിശ്വാസം എപ്പോഴും ഇക്കൂട്ടരിൽ പ്രകടമായിരിക്കും.
- ❖ ചെറിയ ഒരു കുറ്റപ്പെടുത്തലോ വിമർശനമോ ഇക്കൂട്ടർക്ക് അംഗീകരിക്കാൻ സാധിക്കില്ല.
- ❖ ഇത്തരത്തിൽ ഉള്ള സ്വഭാവ വൈകല്യം ബന്ധങ്ങൾ, ജോലി അല്ലെങ്കിൽ സാമ്പത്തിക കാര്യങ്ങൾ എന്നിങ്ങനെയുള്ള ജീവിതത്തിന്റെ പല മേഖലകളിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
- ❖ അവർ ആഗ്രഹിക്കുന്ന പ്രശംസയോ അംഗീകാരമോ ലഭിക്കാതെ വരുമ്പോൾ ഇവർ പ്രകോപിതരാകുന്നു.
- ❖ മറ്റു മനുഷ്യനെ അപേക്ഷിച്ച് താനാണ് ഏറ്റവും വലിയവൻ എന്നുള്ള ചിന്ത ഇക്കൂട്ടരിൽ ഉണ്ടാകും.
- ❖ സദാസമയവും സ്വന്തം കാര്യങ്ങളിൽ അമിത പ്രാധാന്യം നൽകും.
- ❖ സ്വന്തം തെറ്റുകൾ മനസ്സിലാക്കാനും മറ്റുള്ളവരുടെ വിഷമങ്ങളെ കുറിച്ച് ചിന്തിക്കാനും ഇക്കൂട്ടർ തയ്യാറാകില്ല.
- ❖ മറ്റുള്ളവരോടുള്ള സഹാനുഭൂതി (Empathy) ഇവർക്ക് കുറവായിരിക്കും.
- ❖ ചെറുതായ് ഒന്ന് പ്രകോപിപ്പിച്ചാൽ പോലും ഇക്കൂട്ടർക്ക് വേഗ

ത്തിൽ ദേഷ്യം വരുകയും സ്ഥലകാലബോധമില്ലാതെ ദേഷ്യപ്രകടനം നടത്തിയെന്നും വരും.

- ❖ ഇത്തരത്തിലുള്ള പ്രകടനങ്ങൾ ചുറ്റുമുള്ളവരെ വേദനിപ്പിക്കുന്ന തരത്തിലായിരിക്കുമെങ്കിലും ആ വേദന ഉൾക്കൊള്ളാൻ തയ്യാറാകാതെ 'നീ അങ്ങനെ ചെയ്തതുകൊണ്ടാണ് ഞാൻ ഇങ്ങനെ ചെയ്തത് എന്നു പറഞ്ഞ്, മറ്റുള്ളവരിൽ കുറ്റം ആരോപിച്ച് സ്വയം ഇരയാകും.
- ❖ പതിയെ പതിയെ കൂടെ ജീവിക്കുന്നവർക്ക് (പങ്കാളിയാകാം) താനാണ് തെറ്റുകാരാൻ / തെറ്റുകാരി എന്നു തോന്നിക്കുന്ന വിധത്തിൽ അവരുടെ മാനസികാവസ്ഥ മാറ്റിയെടുക്കാനും (gas lighting) ഇക്കൂട്ടർക്ക് സാധിക്കും.

<u>**കാരണങ്ങൾ**</u>

- ❖ ചെറുപ്പകാലങ്ങളിൽ വളരെയധികം ആരാധനയോ വിമർശനമോ ലഭിക്കുന്നത്.
- ❖ ജനിതകപരമായ കാരണങ്ങൾ
- ❖ ന്യൂറോ ബയോളജിക്കൽ

സ്ത്രീകളേക്കാൾ പുരുഷന്മാരിലാണ് നാർസിസിസം കൂടുതലായി കാണപ്പെടുന്നത്. ഇത് കൗമാരപ്രായത്തിലേ കണ്ടു തുടങ്ങാം.

<u>**ചികിത്സ**</u>

പ്രധാന ദുരവസ്ഥ എന്തെന്നാൽ ഇത്തരക്കാർ തന്റെ വൈകല്യത്തെപറ്റി തീർത്തും അജ്ഞരായിരിക്കും. അതിനാൽ തന്നെ ഇതു അംഗീകരിക്കാനോ ചികിത്സ തേടാനോ ഇവർ തയ്യാറായി എന്നുവരില്ല.

വ്യക്തി ബന്ധങ്ങളിലുള്ള പ്രശ്നങ്ങളാൽ ദുഃഖം അനുഭവപ്പെടുന്നുണ്ടെങ്കിൽ നിങ്ങൾക്ക് ഒരു മാനസിക ആരോഗ്യവിദഗ്ദ്ധനെ സമീപിക്കാവുന്നതാണ്.

സാധാരണയായി ടോക്ക് തെറാപ്പി അല്ലെങ്കിൽ സൈക്കോതെറാപ്പി ഉപയോഗിച്ചാണ് ചികിത്സ നടത്തുന്നത്.

ശരിയായ സമയത്തുള്ള ചികിത്സ ജീവിതം കുറച്ച്കൂടെ സമാധാനപരവും ആസ്വാദ്യകരവുമാക്കാൻ സഹായിക്കും.

## <u>ഞങ്ങൾ ഒന്നായി</u>



❖ ഈ ഇടവക വലിയവീട്ടിൽ വർഗ്ഗീസ് + ബേബി വർഗ്ഗീസ് മകൻ മിഥുൻ

തലോർ ഇടവക പുതുപുള്ളിപറമ്പൻ ഡേവിസ് + ജെന്നി മകൾ ക്രിസ്റ്റിന



# ഹൃദയത്തിൽ സംഗ്രഹിക്കുക

റീന ടീച്ചർ

ലൂക്ക (2:19) "മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു." പരി. അമ്മ നമ്മുടെ ജീവിതത്തിന് നൽകുന്ന ഏറ്റവും വലിയ മാതൃകയാണിത്. കണ്ടതിനും കേട്ടതിനും ചുട്ടമറുപടി കൊടുത്തില്ലെങ്കിൽ ഉറങ്ങാൻ സാധിക്കാത്തവരാണ് നമ്മിൽ പലരും. ഇവിടെയാണ് അമ്മയുടെ ഈ മാതൃക നാം സ്വന്തമാക്കേണ്ടതിന്റെ പ്രസക്തി. "പരിശുദ്ധാത്മാവ് നിന്റെമേൽ ആവസിക്കും, നീ ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും". കന്യകയായ അമ്മ ഗർഭവതിയാകാൻ പോകുന്നുവെന്ന ദൈവദൂതന്റെ വാക്കുകൾ നിശബ്ദമായി, വേവലാതിയില്ലാതെ ഹൃദയത്തിൽ സംഗ്രഹിച്ചപ്പോൾ, ദൈവത്തിന്റെ തന്നെ പുത്രനു ജന്മം നൽകാൻ അമ്മയ്ക്ക് കഴിഞ്ഞു. കുഞ്ഞിനെ പ്രസവിക്കാൻ സത്രത്തിൽപോലും ഇടം ലഭിക്കായ്കയാൽ, ദൈവദൂതൻ അറിയിച്ചപ്രകാരം കുഞ്ഞ് ദൈവപുത്രനായിരിക്കും എന്ന് ഹൃദയത്തിൽ സംഗ്രഹിച്ചിട്ടുള്ള അമ്മ, കുഞ്ഞിന് ജന്മം നൽകാൻ ലഭിച്ച കാലിത്തൊഴുത്ത് എത്രയും വ്യഥയോടെ തിരഞ്ഞെടുത്തിട്ടും, രാജാക്കന്മാർപോലും സമ്മാനങ്ങളുമായി എപ്രകാരമാണ് തൊഴുത്തിലെ ഉണ്ണിയെ കാണാൻ വരുന്നത് സാധ്യമാകുക എന്നത്, അമ്മ വീണ്ടും അത്ഭുതത്തോടെ ഹൃദയത്തിൽ സംഗ്രഹിക്കുകയായിരുന്നു.

"ഭൂമിയിൽ നിങ്ങൾക്കായി ഒരു രക്ഷകൻ പിറന്നിരിക്കുന്നു" എന്ന് മാലാഖയിൽ നിന്ന് ലഭിച്ച സന്ദേശവുമായി വന്ന ആട്ടിയന്മാരിൽ നിന്ന്, ലോകരക്ഷകനാണ് തന്റെ മകനെന്ന സത്യം ഗ്രഹിച്ചത്, ആരോടും പറയാതെ, ഏറ്റവും എളിമയോടെ, കാണുന്നതും


## അഭിനന്ദനങ്ങൾ...



കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവക
**PRO, PMP ആയി വീണ്ടും തെരഞ്ഞെടുത്ത**
**വി.സി. ജോസിക്ക്**
ഇടവകയുടേയും ടച്ച്–മീയുടേയും
**അഭിനന്ദങ്ങൾ**

കേൾക്കുന്നതുമെല്ലാം രഹസ്യമായി അമ്മ ഹൃദയത്തിൽ സൂക്ഷിച്ചു. 8-ാം ദിവസം കുഞ്ഞിന്റെ പരിഛേദനത്തിനായി ജറുസലേം ദേവാലയത്തിൽ കൊണ്ടുപോയപ്പോൾ, ശിമയോൻ ശിശുവിനെ കൈയിലെടുത്ത് ദൈവത്തെ സ്തുതിച്ചുകൊണ്ട് പറയുന്നു, (ലൂക്ക 2:31) "സകലജനതകൾക്കും വേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടുകഴിഞ്ഞു". അത്ഭുതത്തോടെ ഇക്കാര്യം ശ്രവിച്ച അമ്മ എല്ലാം ഹൃദയത്തിൽ ഏറ്റെടുക്കുകയായിരുന്നു.

മകൻ പന്ത്രണ്ടുവയസ്സായപ്പോൾ ജറുസലേം ദേവാലയത്തിൽ തിരുനാളിനുപോയ ബാലനായ യേശു, തിരുനാൾ കഴിഞ്ഞ് മാതാപിതാക്കളോടൊപ്പം വീട്ടിലേക്ക് മടങ്ങാതെ, ഉപാധ്യായന്മാരുടെ ഇടയിലിരുന്ന് അവർ പറയുന്നത് കേൾക്കുകയും അവരോട് ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുന്ന കാഴ്ച അമ്മയെ സ്തബ്ധയാക്കിയിട്ടുണ്ടാകും. മൂന്നാംനാൾ ദേവാലയത്തിൽ കണ്ടുമുട്ടിയ മകനോട്, മാതാപിതാക്കളോട് ഇങ്ങനെ ചെയ്തതെന്ത്? എന്ന ചോദ്യത്തിന് ''നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചത്? ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ." എന്ന മറുപടി അവർക്ക് ഗ്രഹിക്കാൻ കഴിഞ്ഞില്ല. അമ്മ അതെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു. ഇതെല്ലാം കുഞ്ഞിനെക്കുറിച്ച് മറ്റുള്ളവർ പറഞ്ഞ നല്ല കമന്റുകളും അമ്മ നേരിൽ അനുഭവിച്ച മകന്റെ കഴിവുകളും എപ്പോഴും ധ്യാനവിഷയമാക്കിയ സന്തോഷത്തിന്റെ ചിന്തകളാണ്.

എന്നാൽ 30 വയസ്സായപ്പോൾ മനുഷ്യരുടെയിടയിൽ പരസ്യമായി പ്രവർത്തിക്കാനും പഠിപ്പിക്കാനും, പുരോഹിതരുടേയടക്കം തെറ്റുകൾ തിരുത്താനും ചൂണ്ടി കാണിക്കാനും തുടങ്ങിയപ്പോഴും, അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന മകന്റെ ശക്തിയും ജ്ഞാനവും അമ്മ ഹൃദയത്തിൽ നിറയ്ക്കുമ്പോൾ അല്പം ഭയവും ഉത്കണ്ഠയും ആ ഹൃദയത്തിൽ ഉത്ഭവിക്കാൻ ആരംഭിച്ചെങ്കിലും, ദൈവഹിതം പ്രവർത്തിക്കുന്നവരാണ് എന്റെ അമ്മയും സഹോദരങ്ങളും എന്ന മകന്റെ പ്രബോധനം സ്മരിച്ച്, നിശബ്ദമായി ദൈവഹിതത്തിന് പൂർണ്ണമായി മകനെ ഭരമേല്പിക്കുകയാരുന്നു.

എല്ലാവരോടും സമാധാനത്തിൽ വർത്തിച്ച് വിശുദ്ധിയ്ക്കായ് പരിശ്രമിക്കുവിൻ "മറ്റുള്ളവർ നമ്മെ പരിഹസിക്കുമ്പോഴും കബളിപ്പിക്കുമ്പോഴും, വേദനിപ്പിക്കുന്ന വാക്കുകളിലൂടെ ഉപദ്രവിക്കുമ്പോഴും, നമ്മുടെ മറുപടി മറ്റുള്ളവരെ വേദനിപ്പിക്കരുതെന്ന



## ഞാൻ വരവായ്

✤ വലിയവീട്ടിൽ സിബു + ടിനി
മകൾ **മേരി (സെറാ മറിയം)**

ചിന്തയാൽ, കണ്ടതിനും, കേട്ടതിനും പ്രതികരിക്കാതെ, അമ്മയെപ്പോലെ ഹൃദയത്തിലെ സങ്കടങ്ങൾ പുഷ്പങ്ങളാക്കി, അവരെനോക്കി പുഞ്ചിരിതൂകി, നിത്യതയിലേക്കുള്ള നിക്ഷേപങ്ങളായി ദൈവത്തിന് സമർപ്പിക്കുമ്പോൾ പരി. അമ്മയുടെ ഉദരത്തിൽ ജനിച്ച ദൈവപുത്രൻ, നമ്മുടെ ഹൃദയത്തിലും പിതാവിനോടും പരിശുദ്ധാത്മാവിനോടുമൊപ്പം വന്ന് വസിക്കും, എന്ന യേശുവിന്റെ വാഗ്ദാനത്തിന് നാം അർഹരാകുമെന്നത് നിസ്സംശയം എടുത്തുപറയട്ടെ, പരി. ത്രിത്വം നമ്മിൽ നിറഞ്ഞാൽ നമ്മുടെ ആത്മാവും ഹൃദയവും ഈ ഭൂമിയിൽ വച്ചുതന്നെ നിത്യമായ ആനന്ദം അനുഭവിക്കാൻ തുടങ്ങും. ദൈവം നമ്മുടെ പക്ഷത്തെങ്കിൽ നാം ആരെ ഭയപ്പെടണം. അങ്ങനെ ദൈവത്തെ കണ്ടുമുട്ടിക്കഴിയുമ്പോൾ മാത്രമെ നമുക്ക് പൂർണ്ണമായ സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിയുകയുള്ളു.

കാനായിലെ കല്ല്യാണത്തിനു വന്ന മകൻ അമ്മയുടെ അഭ്യർത്ഥന മാനിച്ച്, ആ കുടുംബത്തിന്റെ ആവശ്യത്തിൽ, അത്ഭുതം പ്രവർത്തിക്കാൻ സമയമായില്ലെങ്കിൽ പോലും, മകനെക്കുറിച്ചുള്ള കാര്യങ്ങൾ ഹൃദയത്തിൽ സംഗ്രഹിക്കുകമൂലം, ഉറച്ചമനസ്സോടെ പരിചാരകരോട് പറയുന്നു അവൻ പറയുന്നതുപോലെ ചെയ്യുക എന്ന്. തക്കസമയങ്ങളിൽ ഉത്തരം ലഭിക്കാനും സഹായങ്ങൾ ദൈവത്തിൽ നിന്നും അമ്മവഴി വാങ്ങിതരുന്നതിനും അമ്മയുടെ ഈ മാതൃക പിന്തുടരുന്നത് നന്നായിരിക്കും. ഭർത്താവും ഭാര്യയും മാതാപിതാക്കളും മക്കളും സഹോദരങ്ങൾതമ്മിലും, കൂട്ടുകാർക്കിടയിലും സംഭവിക്കുന്ന പരസ്പര അവിശ്വസ്തതകൾ, വേദനിപ്പിക്കുന്ന അനുഭവങ്ങൾ അമ്മയുടെ ഹൃദയത്തിലെ വ്യാകുലങ്ങളോളം ആകുന്നില്ലെങ്കിലും നമ്മെ അറിയുന്ന അമ്മ അതെല്ലാം അനു



## അഭിനന്ദനങ്ങൾ

**സി. ബി. എസ്. ഇ. ഹാന്റ്ബോൾ**
**ജില്ലാ ചാമ്പ്യൻഷിപ്പിൽ**
**തുടർച്ചയായി രണ്ടാം തവണയും**
**ബെസ്റ്റ് ഗോൾകീപ്പറായും**
**വിന്നേഴ്സ് ടീം ക്യാപ്റ്റനായും തെരഞ്ഞെടുത്ത**
**വെള്ളിത്തിരുത്തി**
**ബ്ലൂമിംഗ് ബഡ്സ് ബഥാനിയ സ്കൂളിലെ**

## അനീറ്റ ജിൻസൺ

**നമ്മുടെ ഇടവകയിലെ മേരിമാത കുടുംബകൂട്ടായ്മ**
**പൊറത്തൂർ പള്ളിക്കുന്നത്ത് ജിൻസൺ & ജിന്നി ജിൻസൺ**
**മകളാണ് അനീറ്റ ജിൻസൺ**

**അനീറ്റക്ക് ഇടവകയുടേയും, ടച്ച്-മീയുടേയും**
**അഭിനന്ദനങ്ങൾ**

ഗ്രഹമാകാൻ നമുക്ക് വേണ്ടി പ്രാർത്ഥിക്കുന്നു.

ദൈവപുത്രനും ലോകരക്ഷകനുമായ തന്റെ മകൻ വിനയാന്വിതനായി കഴുതകുട്ടിയുടെ പുറത്തിരുന്നു ജറുസലേമിലേക്ക് യാത്രപോകുമ്പോൾ, ജനം തങ്ങളുടെ രാജാവിനെ ഒലിവുമര ചില്ലകളും വസ്ത്രങ്ങളും വഴിയരികിൽ വിരിച്ച്, ആർത്തുവിളിച്ച് ഓശാന പാടി, രാജാവാണെന്ന സത്യം അംഗീകരിക്കുന്ന കാഴ്ചയും, അതിനുശേഷം ദേവാലയ ശുദ്ധീകരണത്തിന്റെ ഭാഗമായി, അധികാരമുള്ളവനെപ്പോലെ അവിടെ കാണിച്ച ഈശോയുടെ പ്രവൃത്തികളും കണ്ട അമ്മയുടെ ഹൃദയത്തിൽ നിന്നും സന്തോഷവും ഒപ്പം ഉത്കണ്ഠയും ഉയർന്നിരിക്കണം. ഇതെല്ലാം അമ്മ ആരോട് പങ്കുവെക്കും. പ്രിയ സഹോദരരെ, നമ്മെകുറിച്ചുള്ള രക്ഷാകര പദ്ധതിയുടെ ഭാഗമായി നമ്മുടെ ജീവിതത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്ന സങ്കടങ്ങൾക്ക്, ആരിൽനിന്ന് യഥാർത്ഥ ഉത്തരവും സഹായവും ലഭിക്കും. ഈശോയ്ക്കല്ലാതെ ആകാശത്തിൻകീഴിൽ നമ്മെ രക്ഷിക്കാൻ ആർക്കും സാധ്യമല്ല എന്ന യാർത്ഥ്യം ഉൾക്കൊള്ളാനായാൽ, പിറുപിറുപ്പും പരാതികളും നിറുത്തുക വഴി നാം നമ്മുടെ ജീവിതം ജയിച്ചു എന്നർത്ഥമാക്കാം.

അവസാനം മകന്റെ ചേതനയറ്റ ശരീരം മടിയിൽ കിടത്തിയപ്പോഴും നിയന്ത്രണം നഷ്ടപ്പെടാതെ, ലോകത്തിന്റെ രക്ഷയ്ക്കായ് ഈ കുരിശുമരണം അനിവാര്യമാണെന്ന്, ജനനം അറിയിച്ച അതേ ദൈവദൂതൻ അമ്മയെ മുൻകൂട്ടി അറിയിച്ച് ശക്തിപ്പെടുത്തിയിട്ടുണ്ടായിരുന്നെങ്കിൽ, അതും ഹൃദയത്തിൽ അമ്മ സംഗ്രഹിച്ചിട്ടുണ്ടായിരിക്കും എന്ന വിശ്വാസത്തോടെ, അമ്മയെപ്പോലെ നമ്മുടെ ഹൃദയവും അതിന്റെ ചിന്തകളും അതിൽ വസിക്കുന്ന ഈശോയുടെ ഹിതത്തിന് പരിപൂർണ്ണമായി വിട്ടുകൊടുത്ത്, എല്ലാം അതിൽ സംഗ്രഹിച്ച്, എല്ലാവരേയും ഒരുപോലെ സ്നേഹിച്ചും ശുശ്രൂഷിച്ചും കടന്നുപോകാൻ, ദൈവം നമ്മെ അനുഗ്രഹിക്കട്ടെയെന്ന പ്രാർത്ഥനയോടെ, എല്ലാവർക്കും സന്തോഷത്തിന്റേയും പ്രത്യാശയുടേയും ക്രിസ്തുമസ്സ് ആശംസിച്ചുകൊണ്ട് നിറുത്തട്ടെ.


## അൾത്താരസംഘം ഭാരവാഹികൾ

പ്രസിഡണ്ട്



ജോൺ ഇമ്മാനുവേൽ

വൈസ് പ്രസിഡണ്ട്




അശ്വിൻ ബാബു

സെക്രട്ടറി



നിഥിൻ

ജോ. സെക്രട്ടറി



അമൽദേവ് ജെയ്സൺ

ട്രഷറർ



സന്ദീപ് എം. സുനിൽ

# പ്രാർത്ഥനാശംസകൾ...



**ഭാരത കത്തോലിക്കാ മെത്രാൻ സമിതി
പ്രസിഡണ്ടായി തെരഞ്ഞെടുത്ത
തൃശൂർ അതിരൂപതാ മെത്രാപ്പോലീത്ത
അഭി. മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്**

***കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവകയുടേയും
ടച്ച്–മീയുടേയും***

**പ്രാർത്ഥനാശംസകൾ...**




കുന്നകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്
മാതൃവേദിയുടെ നേതൃത്വത്തിൽ

**ക്രിസ്തുമസ് കേക്ക് മേള**



**2022 ഡിസംബർ 24 ശനിയാഴ്ച, പള്ളി അങ്കണത്തിൽ**

നിങ്ങളുടെ ഓർഡറുകൾ മുൻകൂട്ടി ബുക്ക് ചെയ്യുക

ഷോബി റൊണാൾഡ് – 81119 22046 | ജിനി ജെയ്മോൻ – 93497 48775

ആനന്ദി സുനിൽ – 94958 55053 | ഫ്ളോറൻസ് ലോയ്ഡ് – 88489 00939 | ലില്ലി ആന്റണി – 94001 62851


## കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ

| തിയ്യതി | സമയം | കുടുംബകൂട്ടായ്മ | വസതി |
|---|---|---|---|
| 03-12-2022 | 7.00 pm | സെന്റ് സേവ്യർ | **തച്ചിൽ ജോൺ തോംസൺ**<br>(തെക്കേപ്പുറം, കുന്നംകുളം)<br>7 മണിയ്ക്കുള്ള വി. കുർബാനയ്ക്ക് ശേഷം |
| 04-12-2022 | 3.00 pm | സെന്റ് ജോസഫ് | **കണ്ണനായ്ക്കൽ വർഗ്ഗീസ് സണ്ണി**<br>(നെഹ്റു നഗർ, 7th അവന്യു, കുന്നംകുളം) |
| 04-12-2022 | 4.30 pm | മേരി മാത | **കാഞ്ഞിരത്തിങ്കൽ ദേവസ്സി ജോയി**<br>(ഇന്ദിര നഗർ, 1st അവന്യു, കുന്നംകുളം) |
| 11-12-2022 | 3.00 pm | സെന്റ് ആന്റണീസ് | **ആളൂക്കാരൻ ആന്റണി ജൂനിയർ**<br>(DL ലൈൻ, കക്കാട്, കുന്നംകുളം) |
| 11-12-2022 | 4.30 pm | സെന്റ് തോമസ് | **ചുങ്കത്ത് തോമ വർഗ്ഗീസ്**<br>(ചിറളയം, കുന്നംകുളം) |
| 18-12-2022 | 3.00 pm | സെന്റ് ജോർജ്ജ് | **ചെറുവത്തൂർ യേശുവ ബെന്നി**<br>(അടുപ്പുട്ടി സംഘം റോഡ്) |

## ഇടവക പ്രതിനിധി യോഗം
**2022 ഡിസംബർ 18 ഞായർ രാവിലെ 7.30ന്**

## പ്രതിനിധിയോഗ വാർത്തകൾ

1. ഒക്ടോബർ മാസത്തെ വരവ് - ചെലവ് കണക്കുകൾ വായിച്ച് പാസ്സാക്കി.
2. കുടുംബകൂട്ടായ്മകളിലെ വി. കുർബാനക്ക് ആവശ്യമായ വചനമേശ, കുർബാന മേശ, ഫ്ളക്സ് എന്നിവ പള്ളിയിൽനിന്ന് ലഭ്യമാക്കുന്നതിന് തീരുമാനിച്ചു.
3. ക്രിസ്തുമസ് ട്രീ മത്സരം നടത്തുന്നതിനും, ക്രിസ്തുമസ് പുതുവത്സര ആഘോഷങ്ങളുടെ സമയക്രമങ്ങളെക്കുറിച്ചും വികാരി പ്രതിനിധിയോഗത്തിൽ അറിയിച്ചു.
4. ക്രിസ്തുമസ് ആഘോഷങ്ങളുടെ കൺവീനറായി വി.ജെ. സുനിലിനെ തെരഞ്ഞെടുത്തു.
5. ഇടവക പി.ആർ.ഒ. & പി.എം.പി. ആയി വി.സി. ജോസിയെ വീണ്ടും തെരഞ്ഞെടുത്തു.
6. ദൈവാലയ അങ്കണത്തിലെ കിണറുകൾക്ക് മുകളിൽ ഗ്രില്ല് ചെയ്ത് നെറ്റ് ഇടുന്നതിന് തീരുമാനിച്ചു.
7. സെമിത്തേരിയിലെ സാധാരണ സെല്ലുകൾ പള്ളിയുടെ നേതൃത്വത്തിൽ വൃത്തിയാക്കി എല്ലാം ഒരുപോലെ പേരെഴുതി ഫോട്ടോ വെയ്ക്കുന്നതിനും, അതിനുള്ള ചെലവ് അതാത് കുടുംബങ്ങളിൽ നിന്ന് വാങ്ങിക്കുന്നതിനും തീരുമാനിച്ചു.


10th HAPPY ANNIVERSARY
11-11-2022
Jino John & Neethu Ansa
Cheeran House
Santhi Nagar, P.O. Kanipayour
Kunnamkulam
Best Compliments From
Thabitha John
&
Lavitha John


Baptism
09-11-2022
Serah Mariyam
HAPPY BIRTHDAY
3
26-10-22
Rayan
SIBU V. BABU & TINI SIBU
Valiyaveettil House | West Bazar | Kunnamkulam

# 25TH Happy Birthday

09-12-2022



## Sharon Josy

S/o. V.C. Josy & Femina Josy
"Sharon Valley"
Vadakkoott Nharayil House
Near Fire Station, Kunnamkulam



*Best Compliments From:*
Sherin Josy, Shiyon Josy & Ammama


6
HAPPY
BIRTHDAY!
20-12-2022
Angel C. Binny
D/o. Binny C.D.
& Anupama Binny
Chungath House
Kakkad - Kunnamkulam
Happy Birthday
Best Compliments From : Appapa, Ammama & Aunty



9
Happy
Birthday
JOHAN JOFEE
On 29th December 2022
Wishes and Prayers from
APPA, AMMA, AMMACHI
JONATH AND JOSHUA

## ഓർമ്മിക്കേണ്ട ദിനങ്ങൾ

**ഡിസംബർ**

| | | |
|---|---|---|
| 1 | വ്യാഴം | ഇരുപത്തഞ്ച് നോമ്പാരംഭം |
| 2 | വെള്ളി | മാസാദ്യവെള്ളി, വൈകീട്ട്. 5.30ന് - ആരാധന, കുമ്പസാരം<br>6.00 മണിക്ക് - വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന<br>രാവിലെ വി. കുർബാന ഉണ്ടായിരിക്കുന്നതല്ല. |
| 3 | ശനി | വി. ഫ്രാൻസീസ് സേവ്യർ<br>സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന **6.00** PM |
| 4 | ഞായർ | മംഗളവാർത്ത രണ്ടാം ഞായർ |
| 6 | ചൊവ്വ | കക്കാട് സെന്റ് ആന്റണീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന **6.30** PM |
| 7 | ബുധൻ | വി. അംബ്രോസ് മെ.മ |
| 8 | വ്യാഴം | പ.ക മറിയത്തിന്റെ അമലോത്ഭവത്തിരുനാൾ |
| 11 | ഞായർ | മംഗളവാർത്ത മൂന്നാം ഞായർ |
| 14 | ബുധൻ | കുരിശിന്റെ വി. യോഹന്നാൻ പു.മ. |
| 18. | ഞായർ | മംഗളവാർത്ത നാലാം ഞായർ<br>മൈലാപ്പൂരിലെ അത്ഭുത സ്ലീവ |
| 25 | ഞായർ | നമ്മുടെ കർത്താവിശോമിശിഹായുടെ പിറവിത്തിരുനാൾ<br>പിറവി ഒന്നാം ഞായർ, തിരിക്കുടുംബം |
| 26 | തിങ്കൾ | വി. എസ്തപ്പാനോസ് മേ. |
| 27 | ചൊവ്വ | യോഹന്നാൻ സ്ലീഹ |
| 28 | ബുധൻ | കുഞ്ഞിപ്പൈതങ്ങൾ (ശിശുദിനം) |
| 30 | വെള്ളി | ദൈവമാതൃത്വത്തിരുനാൾ |
| 31 | ശനി | വർഷാവസാനം |

## ആദരാഞ്ജലികൾ



തൃശൂർ അതിരൂപതാ വൈദികൻ

**ബഹു. ലൂയിസ് എടക്കളത്തൂർ അച്ചന്**

ഇടവകയുടെയും, ടച്ച്-മീയുടെയും

ആദരാഞ്ജലികൾ...

കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്

# ക്രിസ്തുമസ് പുതുവത്സര ആശംസകൾ

**25 നോമ്പ് ആരംഭം** (30 – 11 – 2022 ബുധൻ)

*വൈകീട്ട് 5.30ന് :* വി. കുർബാന

| ക്രിസ്തുമസ് ട്രീ തെളിയിക്കൽ | നക്ഷത്രദീപം കൊളുത്തൽ | വർണ്ണമഴ |

- ☆ *ക്രിസ്തുമസ് നോമ്പ്കാലത്ത് മുടക്കം കൂടാതെ വി. കുർബാനയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് സമ്മാനങ്ങൾ*
- ☆ *ഞായറാഴ്ചകളിൽ വിശ്വാസപരിശീലന വിദ്യാർത്ഥികളുടെ കരോൾ നൃത്തം*
- ☆ *ക്രിസ്തുമസ് കരോൾ, ക്രിസ്തുമസ് ഈവ്*

## ക്രിസ്തുമസ് തിരുക്കർമ്മങ്ങൾ

**24–12–2022 ശനി**

രാത്രി 11.45 ന് : **പിറവിത്തിരുനാൾ തിരുക്കർമ്മങ്ങൾ തുടർന്ന് വി. കുർബാന, നോമ്പ് വീടൽ**

**25–12–2022 ഞായർ**

രാവിലെ 6 മണിക്ക് : **വി. കുർബാന**

## പുതുവത്സര തിരുക്കർമ്മങ്ങൾ

**31–12–2022 ശനി**

രാത്രി 11.30ന് : **വർഷാവസാന പ്രാർത്ഥന, വർഷാരംഭ പ്രാർത്ഥന, വി. കുർബാന**

**01–01–2023 ഞായർ**

രാവിലെ 9 മണിക്ക് : **വി. കുർബാന**

## ക്രിസ്തുമസ് കരോൾ



**കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവകയുടെ നേതൃത്വത്തിൽ**
**2022 ഡിസംബർ 23 വെള്ളി വൈകീട്ട് 7 മണി മുതൽ ഇടവകയുടെ വിവിധ വീഥികളിൽ**
**ആഘോഷമായ ക്രിസ്തുമസ് കരോൾ**

*നിരവധി ക്രിസ്തുമസ് പാപ്പമാർ*

*കരോൾ ഗാനങ്ങൾ* | *ടാബ്ലോ*

ക്രിസ്തുമസ് ഈവ്

**ഡിസംബർ 24 ശനി**
**രാത്രി 10 മണി മുതൽ**
**ദൈവാലയ അങ്കണത്തിൽ**

## കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്

# ഇടവക ദിനം

## അനുമോദന സമ്മേളനം

### വിശ്വാസപരിശീലന ഭക്തസംഘടന കുടുംബകൂട്ടായ്മ

# സംയുക്ത വാർഷികം


**2023 ജനുവരി 8 ഞായറാഴ്ച – വൈകീട്ട് 5.30ന്**
**ദൈവാലായങ്കണത്തിൽ**

ഉദ്ഘാടനം



**മോൺ. ജോസ് കോനിക്കര Jr.**
തൃശൂർ അതിരൂപത വികാരി ജനറാൾ

അദ്ധ്യക്ഷൻ




**വെരി. റവ. ഫാ. ഷാജു ഊക്കൻ**
മറ്റം ഫൊറോന വികാരി

മുഖ്യാതിഥി



**റവ. ഫാ. ബിജു ജോസഫ് ആലപ്പാട്ട്**
എയ്യാൽ പള്ളി വികാരി

അനുമോദനങ്ങൾ



**റവ. ഫാ. ഫിഡൽ തച്ചിൽ SDB**
അഡ്മിനിസ്ട്രേറ്റർ, ഡോൺബോസ്കോ കോളേജ് കണ്ണൂർ

വിശിഷ്ടാതിഥി



**ശ്രീ. ഇർഷാദ്**
(പ്രശസ്ത സിനിമാതാരം)

**അനുമോദനം | കലാപരിപാടികൾ | സമ്മാനദാനം | സ്നേഹവിരുന്ന്**


*വികാരി*
റവ. ഫാ. ദാവീദ് വിതയത്തിൽ

*കൈക്കാരന്മാർ*
എൻ.ജെ. ജെയ്മോൻ, കെ.ജെ. ജെയ്സൺ, ജോസ് കിരൺ

*ജന. കൺവീനർ*
എം.എൽ. സുനിൽ

*ജോ. കൺവീനർ*
വി.ജെ. സുനിൽ

# ക്രിസ്തുരാജത്വ തിരുനാൾ



**കുന്നംകുളം
സെന്റ് സെബാസ്റ്റ്യൻസ്
ഇടവകയിൽ
ക്രിസ്തുരാജത്വ
തിരുനാളിനോടനുബന്ധിച്ച്
വിശ്വാസപരിശീലന വിദ്യാർത്ഥികൾ
ഹൃദയത്തിൽ ക്രിസ്തു തന്റെ
രാജാവാണ് എന്ന് അംഗീകരിച്ച്
ചുമരിൽ ഒപ്പുകൾകൊണ്ട് വരച്ച
ക്രിസ്തുരാജചിത്രം**



ക്രിസ്തുരാജത്വ റാലി



# ബൈബിളിലൂടെ

ഡേവി

നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തു ചെയ്യണം എന്ന ചോദ്യവുമായി ധനികനായ ഒരു മനുഷ്യൻ യേശുവിനെ സമീപിക്കുന്നതായി സുവിശേഷങ്ങളിൽ കാണാം. സുവിശേഷങ്ങളിൽ നിന്ന് മനസ്സിലാക്കുന്നത് ആ വ്യക്തി വളരെ നല്ല വ്യക്തിയായിരുന്നു എന്നാണ്. പത്തു കല്പനകളും വളരെ നല്ല രീതിയിൽ പാലിച്ചുകൊണ്ട് ജീവിച്ചുവന്നിരുന്ന ധനികനായ ഒരു മനുഷ്യൻ ദുശ്ശീലങ്ങളോ പെരുമാറ്റദോഷങ്ങളോ ഒന്നും ഇല്ലാത്ത മാന്യനായ ഒരു വ്യക്തി. യേശുവും ആ വ്യക്തിയിൽ പറയത്തക്ക കുറവുകളൊന്നും കണ്ടതായി സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല. ഒന്നുമാത്രമേ യേശു ആ വ്യക്തിയോട് ആവശ്യപ്പെട്ടുള്ളു. നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുത്ത് എന്നെ അനുഗമിക്കാനാണ് യേശു ആവശ്യപ്പെട്ടത്. യേശുവിന്റെ മറുപടിയിൽ ദുഃഖിതനായി ആ ധനികൻ തിരികെ പോകുകയും ചെയ്തു.

യേശുവിനെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ സമ്പത്തിന്റേയോ സാമ്പത്തിക നേട്ടങ്ങളുടേയോ പുറകെപോകരുത് എന്നാണ് ഇതിൽനിന്ന് വ്യക്തമാകുന്നത്. ഒരു ആത്മശോധന നടത്തിയാൽ നമ്മിൽ എത്രപേർ യേശു ധനികനോട് പറഞ്ഞ ആ തിരുവചനത്തിന്റെ അർത്ഥം ഉൾക്കൊണ്ടുകൊണ്ട് ജീവിക്കുന്നവരുണ്ടാകും? നമ്മിൽ ഭൂരിഭാഗവും സാമ്പത്തിക ഉന്നതി ലക്ഷ്യം വെച്ചുകൊണ്ടാണ് യേശുവിനെ സമീപിക്കുന്നതു തന്നെ. നമ്മുടെ നേർച്ചകാഴ്കളും വഴിപാടുകളുമെല്ലാം ഭൂരിഭാഗവും ഈയൊരു ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടായിരിക്കും എന്നതാണ് വസ്തുത. നല്ലവീട് ഉയർന്ന ശമ്പളമുള്ള ജോലി, നല്ല വരുമാനമുള്ള ബിസ്സിനസ്സ് ഇതൊ


കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവക
കേരള ലേബർ മൂവ്മെന്റ് (KLM)
ക്രിസ്തുമസ് സമ്മാനകൂപ്പൺ
ആകർഷകമായ സമ്മാനങ്ങൾ
നറുക്കെടുപ്പ് : ക്രിസ്തുമസ് ദിനത്തിൽ, ദൈവാലയ അങ്കണത്തിൽ

ക്കെത്തന്നെയല്ലേ നമ്മുടെ ആവശ്യങ്ങളിൽ ഭൂരിഭാഗവും? ആത്മീയ തലത്തിലും സമ്പത്തിനോടുള്ള ആകർഷണം കൂടുതലാണ്.

ചുങ്കക്കാരനായ സുഖേവൂസ്, യേശുവിന്റെ അരികിലേക്ക് വരാൻ പോലും യോഗ്യതയില്ല എന്നു പറഞ്ഞ ശതാധിപൻ, ജനക്കൂട്ടത്തിനിടയിലൂടെ യേശുവിന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ തൊട്ടാൽ താൻ സുഖം പ്രാപിക്കും എന്നു വിശ്വസിച്ച രക്തസ്രാവക്കാരിയായ സ്ത്രീ എന്നിവരുടെയെല്ലാം വിശ്വാസം എത്രയോ തീക്ഷ്ണമാണ്! ഇവരെല്ലാം യേശുവിന്റെ ദിവ്യത്വം തിരിച്ചറിഞ്ഞ് യേശുവിനെ രക്ഷകനും ദൈവത്തിന്റെ മനുഷ്യാവതാരവും ആയി കണ്ടിരുന്നു എന്നതാണ് സത്യം. മനുഷ്യന് സമ്പത്തിനോടുള്ള മനോഭാവം വ്യക്തിമാക്കിതരുന്ന ഒരു സംഭവമാണ് ശ്ലീഹന്മാരുടെ നടപടിയിൽ 5:1-11 വരെയുള്ള വാക്യങ്ങളിൽ വിവരിക്കുന്നത്. യേശുവിന്റെ ഉത്ഥാനത്തിനുശേഷം പരിശുദ്ധാത്മാവിനെ സ്വീകരിച്ച ശ്ലീഹന്മാരുടെ അത്ഭുത പ്രവർത്തികളിലും സന്ദേശങ്ങളിലും ആകൃഷ്ടരായി അനേകർ തങ്ങളുടെ സ്വത്തുവകകളെല്ലാം വിറ്റ് ആ പണം തങ്ങളുടെ കൂട്ടായ്മയിൽ ഉള്ളവരുടെ ആവശ്യങ്ങൾക്കായി ചിലവഴിച്ചുപോന്നു. സമ്പന്നനെന്നോ ദരിദ്രനെന്നോ വ്യത്യാസമില്ലാതെ എല്ലാവരും പരിശുദ്ധാത്മാവിന്റെ നിറവിൽ ഏകമനസ്സോടെ ജീവിച്ചുപോന്നു. പക്ഷേ അനനിയാസും സഫീറയും തങ്ങളുടെ സ്വത്ത് വിറ്റു കിട്ടിയ പണത്തിൽ നിന്ന് ഒരുപങ്ക് മാറ്റി വെച്ചുകൊണ്ടാണ് ബാക്കി സംഖ്യ ശ്ലീഹന്മാരെ ഏല്പിച്ചത്. പിന്നീട് അവിടെ എന്ത് സംഭവിച്ചുവെന്ന് നമുക്കറിയാവുന്നതാണ്. മനുഷ്യന് സമ്പത്തിനോടുള്ള ആസക്തി എത്രമാത്രം ഉണ്ടെന്ന് ഈ സംഭവത്തിലൂടെ വ്യക്തമാക്കുന്നു.



**KLM കുന്നംകുളം യൂണിറ്റിന്റെ നേതൃത്വത്തിൽ**
**ഇടവക തിരുനാളിനോടനുബന്ധിച്ച്**

**അച്ചപ്പം കുഴലപ്പം**

**ഓർഡറുകൾ സ്വീകരിച്ച് വിതരണം ചെയ്യുന്നു**

**വിതരണം : 2023 ജനുവരി 8 ഞായറാഴ്ച ദൈവാലയ അങ്കണത്തിൽ**

ഓർഡറുകൾക്ക്

കെ. എൽ. ലോയ്ഡ് – 8921245453    കെ. ടി. ബൈജു – 9744937836
എം. ജെ. അഭിലാഷ് – 9249712666    സി. എൻ. ഇമ്മാനുവൽ – 9539030439

പാചക കോർണർ

# ഏത്തയ്ക്ക അപ്പം

ജിനി ജെയ്മോൻ






<u>ചേരുവകൾ</u>

| | |
|---|---|
| നെയ്യ് | - 2 ടീസ്പൂൺ |
| കാഷ്യുനട്ട് | - 4 എണ്ണം |
| കിസ്മിസ് | - 2 ടീസ്പൂൺ |
| തേങ്ങ ചിരകിയത്ത് | - 1 കപ്പ് |
| ഏത്തപ്പഴം | - 2 എണ്ണം |
| പഞ്ചസാര | - 2 ടീസ്പൂൺ |
| ഏലയ്ക്കാപൊടി | - 1/4 ടീസ്പൂൺ |
| ഗോതമ്പ് പൊടി | - 1 കപ്പ് |

***പാചകം ചെയ്യുന്ന വിധം :*** ഒരു പാനിൽ 2 ടീസ്പൂൺ നെയ്യ് ഒഴിച്ച് കാഷ്യൂനട്ടും കിസ്മിസും ചെറുതീയിൽ വറുത്തെടുക്കുക. ഇവ പാകമായി വരുമ്പോൾ ചിരകി വെച്ചിരിക്കുന്ന തേങ്ങയും ചേർത്ത് വറുക്കുക. ഇവയുടെ കളർ മാറി വരുമ്പോൾ ഏത്തപ്പഴം ചെറിയ കഷ്ണങ്ങളായി നുറുക്കി അതിന്റെ കൂടെ മിക്സ് ചെയ്ത് റോസ്റ്റ് ചെയ്തെടുക്കുക. ഇതിലേക്ക് ആവശ്യത്തിന് പഞ്ചസാരയും ഏല യ്ക്കാപൊടിയും ചേർത്ത് ഇളക്കി ഓഫാക്കി വെയ്ക്കുക.

മറ്റൊരു ബൗളിൽ കാൽ കപ്പ് ഗോതമ്പുപൊടി എടുക്കുക. അതിലേക്ക് ശർക്കരപാനി ചേർത്ത് കട്ടയില്ലാതെ കുഴച്ചെടുക്കുക. ഈ ബാറ്ററിലേക്ക് തയ്യാറാക്കി വെച്ചിരിക്കുന്ന മിക്സും ഒരുനുള്ള് ഉപ്പും ചേർത്ത് നന്നായി യോജിപ്പിക്കുക. ഈ മിശ്രിതം കേക്ക് തയ്യാ റാക്കുന്നതരത്തിൽ വേവിച്ചെടുക്കുക. തണുപ്പിച്ചതിനുശേഷം ഉപ യോഗിക്കാം.



## അഭിനന്ദനങ്ങൾ...

കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവക
2022 ക്രിസ്തുമസ് ആഘോഷങ്ങളുടെ
കൺവീനറായി തെരഞ്ഞെടുത്ത

**വി.ജെ. സുനിലിന്**

ഇടവകയുടേയും ടച്ച് – മീയുടേയും

**അഭിനന്ദങ്ങൾ**


## ചിൽഡ്രൻസ് കോർണർ



*Eva Rose Fobin - Std: V*



*Anjal - Std: XI*



*Angel Binny - Std: Nursery*



*Ashlin Rose Ditto - Std: IX*



*Abin C.S. - Std: V*




# കാട്ടൂകാരൻ കുരിയൻ
# റാഫി

ജനനം
01 – 07 – 1963

കോട്ടയിൽ റോഡ്
കുന്നംകുളം

മരണം
30 – 12 – 2021

## കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവക  പ്രതിനിധിയോഗം 2019 - 2022



# കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവക പ്രതിനിധിയോഗം 2022-2025



സ്നേഹാഞ്ജലി

# 17-ാം ചരമവാർഷികം

29-12-2022



ചീരൻ
കുരിയാക്കു
## ദേവസ്സി
ശാന്തിനഗർ
കാണിപ്പയ്യൂർ

സ്നേഹസ്മരണകളോടെ
സന്തപ്തകുടുംബാംഗങ്ങൾ



പാവനസ്മരണയ്ക്ക്

# 15-ാം ചരമവാർഷികം

17-12-2022

ചാലിശ്ശേരി ജോസ് ഭാര്യ
## എലിസബത്ത്
കിഴൂർ

പ്രാർത്ഥനകളോടെ...
ബിജു. ലിസ, ആൽബിൻ, അൽന

ചിൽഡ്രൻസ് കോർണർ

# നിറം കൊടുക്കാമോ

**ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും,ക്ലാസ്സും, യൂണിറ്റും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക**

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................................................................ ക്ലാസ്സ് : ....................

കുടുംബകൂട്ടായ്മ : ........................................ ഫോൺ നമ്പർ :................................


**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Jonath Joffee, STD : II , St. Joseph Kudumba Koottayma

ചിൽഡ്രൻസ് കോർണർ

# ചിത്രശാല

## ചിത്രരചന ലളിതമായി... ഘട്ടംഘട്ടമായി...



ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, യൂണിറ്റും ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15–ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം 7–ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ...................................................................................................... ക്ലാസ്സ് : ....................

കുടുംബകൂട്ടായ്മ: ................................................ ഫോൺ നമ്പർ :.....................................



**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**Leepriest Giju**

Std : VI, St. Xaviour's Kudumbakoottayma

"കുടിയന്മാർ കുടിനിർത്താൻ ധ്യാനത്തിന് പോയതുപോലുണ്ട്"

ചിൽഡ്രൻസ് കോർണർ

# ഉണ്ണീശോയ്ക്ക് ഒരു കത്ത്



കക്കാട്
13-11-2022

ഏറ്റവും പ്രിയപ്പെട്ട ഉണ്ണീശോയേ,

ഉണ്ണീശോയെ എന്തൊക്കെയാണ് വിശേഷങ്ങൾ? നിനക്ക് സുഖമല്ലേ? പിന്നെ എനിക്ക് സുഖമാണ്. ഇവിടെ ഇപ്പോൾ തണുപ്പ് തുടങ്ങിയിട്ടുണ്ട്. അതുകൊണ്ട് നേരത്തെ എണീറ്റ് പള്ളിയിൽ വരാൻ ചെറിയ മടിയുണ്ട്. നീ ക്ഷമിക്കണേ...

കഴിഞ്ഞ പ്രാവശ്യം കത്തെഴുതുമ്പോൾ ഇവിടെ കൊറോണയായിരുന്നു. ഉണ്ണീശോയോട് പ്രാർത്ഥിച്ചതുകൊണ്ട് ഇപ്പോൾ കൊറോണക്ക് കുറവുണ്ട്. ഉണ്ണീശോയ്ക്ക് ഒരായിരം നന്ദി. പക്ഷേ ഇപ്പോൾ ഞങ്ങൾക്ക് സമാധാനമായി ഒരു മിഠായിപോലും തിന്നാൻ പറ്റുന്നില്ല. അമ്മ പറഞ്ഞിട്ടുണ്ട് മിഠായി ആരുതന്നാലും വാങ്ങരുതെന്ന്. കാരണമെന്താണെന്ന് അറിയോ? ചില ആളുകൾ കുട്ടികൾക്ക് മിഠായി കൊടുത്ത് ലഹരിക്ക് അടിമകൾ ആക്കുകയാണ്. ലഹരിക്കെതിരെ പൊരുതുവാനുള്ള ശക്തിയും കാവൽ മാലാഖമാരുടെ സംരക്ഷണവും ഞങ്ങൾക്ക് തരണേ.

ക്രിസ്തുമസ് ആവാൻ ഞാൻ കാത്തിരിക്കുകയാണ്. ഉണ്ണീശോയ്ക്ക് ഞാൻ കുറെ സമ്മാനങ്ങൾ ഒരുക്കുന്നുണ്ട്. അതെല്ലാം വാങ്ങാൻ നീ വരണേ...

അടുത്ത ആഴ്ച എനിക്ക് ക്രിസ്തുമസ് പരീക്ഷ തുടങ്ങും. നല്ലപോലെ പഠിക്കാനും നല്ല മാർക്ക് വാങ്ങാനും നീ എന്നെ അനുഗ്രഹിക്കണേ... സ്വർഗ്ഗത്തിൽ എല്ലാവരോടും എന്റെ അന്വേഷണം പറയണേ...

എന്ന്
ഉണ്ണീശോയുടെ സ്വന്തം
ഏബിൾ റോസ്
*D/o.* സി.എഫ്. ഷാജു, ചുങ്കത്ത് ഹൗസ്
കക്കാട് - കുന്നംകുളം

ചിൽഡ്രൻസ് കോർണർ

# ഉണ്ണീശോയ്ക്ക് ഒരു കത്ത്



12-11-2022

കുന്നംകുളം

എന്റെ ഏറ്റവും സ്നേഹമുള്ള ഈശോയ്ക്ക്

കുറേ നാളുകളായി അല്ലേ ഞാൻ ഈശോയ്ക്ക് ഒരു കത്തെഴുതിയിട്ട്. അതുകൊണ്ട് ഈശോ എന്നോട് പിണക്കമാണോ? എന്നാൽ ഞാൻ ഈശോയ്ക്ക് ഒരു ചക്കരഉമ്മ തരാം. ഇപ്പോ പിണക്കം മാറിയില്ലേ. അടുത്ത മാസം 25-ാം തിയ്യതി ഈശോയുടെ പിറന്നാളല്ലേ. എന്തുസമ്മാനമാണ് ഈശോയ്ക്ക് വേണ്ടതെന്ന് എന്നോട് പറയണംട്ടോ. ഞാൻ കുറേ സമ്മാനങ്ങൾ കരുതിവെച്ചിട്ടുണ്ട്. പൊന്നുടുപ്പ്, പട്ടുമെത്ത, തലയിണ, വളകൾ, മാല, തൊട്ടിൽ മുതലായവ അതെല്ലാം ഈശോയ്ക്ക് ഇഷ്ടമാകും തീർച്ച.

ഇനി ഞാൻ എന്റെ വിശേഷങ്ങൾ പറയാം. ആദ്യം തന്നെ ഞാൻ ഈശോയ്ക്ക് നന്ദി പറയുന്നു. എന്തിനാണെന്നോ കഴിഞ്ഞ മെയ് മാസം മുതൽ ഈശോ എന്റെയുള്ളിൽ എഴുന്നള്ളി വരാൻ തുടങ്ങിയതിന്. എല്ലാവരും ഈശോയെ സ്വീകരിക്കുമ്പോൾ ഞാൻ എന്നും നോക്കിയിരിക്കുമായിരുന്നു. ഇപ്പോൾ ഞാനും ഈശോയെ സ്വീകരിക്കുന്നുണ്ട്. ഞാൻ അറിവില്ലാതെ ചെയ്യുന്ന തെറ്റുകളെല്ലാം എന്നോട് ക്ഷമിക്കണം കേട്ടോ. ക്ഷമിക്കില്ലേ.

പിന്നെ ഈശോയുടെ പിതാവിനോടും മാതാവിനോടും എന്റെ അന്വേഷണം അറിയിക്കണം. ഇനിയും കുറേ കാര്യങ്ങൾ പറയാനുണ്ട്. അതെല്ലാം ഇനി കാണുമ്പോൾ പറയാം.

എന്ന്
ഈശോയുടെ സ്വന്തം
ഇവാറോസ്
*D/o.* വി.ടി. ഫോബിൻ, വടക്കൂട്ട് ഹൗസ്
കക്കാട് - കുന്നംകുളം

ചിൽഡ്രൻസ് കോർണർ

# ഉണ്ണീശോയ്ക്ക് ഒരു കത്ത്



***From***

***Evelyn Johnson***
***S/o. Johnson C.L.***
***Cheeran House***
***Kakkad - Kunnamkulam***

***To***

***The, Unniyesu***

എന്റെ പ്രിയപ്പെട്ട ഉണ്ണിയേശുവേ ആദ്യം തന്നെ ഞാൻ അങ്ങേക്ക് ജന്മദിനാശംസകൾ നേരുന്നു. ഈ ക്രിസ്തുമസിന് എന്നെ കാണാൻ വരില്ലേ?

രണ്ടാമതായി എനിക്കു തന്ന എല്ലാ അനുഗ്രഹങ്ങൾക്കുമായി ഞാൻ അങ്ങയെ നന്ദിയോടെ വാഴ്ത്തുന്നു. അങ്ങ് എനിക്ക് ഒത്തിരി കൂട്ടുകാരെ തന്നു. നല്ല ഉടുപ്പ് തന്നു. അങ്ങയുടെ ബർത്ത ഡേയ്ക്ക് എനിക്കും പുതിയ ഉടുപ്പ് കിട്ടും. ഞാൻ അങ്ങേയ്ക്ക് മെത്തയും ഉടുപ്പും എല്ലാം പണിതുതരാം ട്ടാ. അങ്ങേക്കിഷ്ടമുള്ള മകളായി വളരുകയും ചെയ്യാം. എനിക്ക് പഠിക്കാനുള്ള ബുദ്ധിയും മറ്റുള്ളവരെ സഹായിക്കാനുള്ള കഴിവും എല്ലാവരേയും സ്നേഹിക്കാനുള്ള മനസ്സും തന്ന് അനുഗ്രഹിക്കണമേ.

എന്ന്
സ്നേഹപൂർവ്വം
***Evelyn***

ചിൽഡ്രൻസ് കോർണർ

# ഉണ്ണീശോയ്ക്ക് ഒരു കത്ത്



***From***

റോൾസ്‌റോബി
*S/o.* റോബി
ചൊവ്വല്ലൂർ ഹൗസ്
ചെറുകുന്ന് - കുന്നംകുളം

***To***

ഉണ്ണീശോ
സ്വർഗ്ഗം

പ്രിയപ്പെട്ട ഉണ്ണീശോയെ,

എനിക്ക് അങ്ങയെ വളരെഅധികം ഇഷ്ടമാണ്. അങ്ങയോട് എനിക്ക് കുറച്ച് കാര്യങ്ങൾ പറയാനുണ്ട്. എനിക്ക് ഇന്നുതൊട്ട് നല്ല ആരോഗ്യവും അതുപോലെ അസുഖങ്ങൾ വരുന്നത് കുറക്കണമേ. പിന്നെ നല്ല ഭക്ഷണം മാത്രം കഴിക്കാൻ തോന്നണമേ. എനിക്ക് നല്ല ഭക്ഷണം നൽകുന്നതിന് നന്ദി. എത്ര പാവങ്ങൾക്കാണ് ഭക്ഷണം കിട്ടാതിരിക്കുന്നത്. അതോർക്കുമ്പോൾ എന്റെ ജീവിതം ഒരു സ്വർഗ്ഗം ആണ്. എനിക്ക് നല്ല കാര്യങ്ങൾ ചെയ്യാൻ തോന്നണമേ പട്ടിണി പാവങ്ങൾക്ക് ഭക്ഷണം നൽകണമേ. എന്റെ അപ്പനേയും അമ്മയേയും അനുജത്തിയേയും അതുപോലെ എന്റെ വീട്ടുകാരേയും ലോകത്തിലെ എല്ലാവരേയും ഉണ്ണീശോയെ അങ്ങ് നന്നായി നോക്കണമേ. എനിക്ക് പഠിക്കാൻ നല്ല ഓർമ്മശക്തിയും നൽകണമേ.

എന്ന്
സ്നേഹപൂർവ്വം
റോൾസ് റോബി.

# വചന കലണ്ടർ

## 2022 ഡിസംബർ DECEMBER

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | 1<br>1തിമോ 4:11–16<br>മത്താ 24:45–51 | 2<br>കൊളോ 3:1–10<br>മത്താ 13:12–17 | 3<br>ഗലാ 3:1–9<br>ലൂക്കാ 9:57–62 |
| 4<br>സംഖ്യ 22:20–35<br>കൊളോ 4:2–6<br>ലൂക്കാ 1:26–38 | 5<br>എഫേ 4:13–16<br>യോഹ 14:11–14 | 6<br>1 തെസ 5:5–11<br>ലൂക്കാ 10:21–24 | 7<br>എഫേ 1:3–12<br>ലൂക്കാ 1:34–38 | 8<br>ഹെബ്രാ 1:1–3<br>ലൂക്കാ 1:46–55 | 9<br>2 കോറി 8:11–15<br>ലൂക്കാ 1:46–56 | 10<br>ഹെബ്രാ 3:12–19<br>ലൂക്കാ 11:33–36 |
| 11<br>ഉത്പ 18:1–10<br>എഫേ 3:1–13<br>ലൂക്കാ 1:57–66 | 12<br>1 കോറി 5:1–8<br>ലൂക്കാ 6:43–45 | 13<br>എഫേ 2:1–10<br>മത്താ 3:1–6 | 14<br>1 തെസ 2:13–17<br>ലൂക്കാ 16:10–13 | 15<br>ഗലാ 3:26–29<br>ലൂക്കാ 7:67–79 | 16<br>കൊളോ 1:10–16<br>മർക്കോ 1:1–8 | 17<br>ഗലാ 1:11–17<br>യോഹ 3:31–36 |
| 18<br>1 സാമു 1:1–18<br>എഫേ 5:5–21<br>മത്താ 1:18–24 | 19<br>എഫേ 6:18–20<br>യോഹ 1:1–5 | 20<br>ഗലാ 4:1–7<br>യോഹ 1:6–13 | 21<br>എഫേ 4:17–24<br>യോഹ 1:43–51 | 22<br>റോമ 9:6–16<br>മത്താ 5:17–20 | 23<br>ഹെബ്രാ 1:5–14<br>യോഹ 7:25–31 | 24<br>ഹെബ്രാ 5:11–14<br>ലൂക്കാ 12:54–59 |
| 25<br>മിക്കാ 4:1–3<br>ഗലാ 3:15–4:16<br>ലൂക്കാ 2:1–20 | 26<br>1 യോഹ 3:11–17<br>യോഹ 8:12–19 | 27<br>റോമ 8:35–39<br>യോഹ 21:20–24 | 28<br>ഹെബ്രാ 11:32–38<br>മത്താ 2:13–18 | 29<br>ഹെബ്രാ 5:11–14<br>മത്താ 12:43–45 | 30<br>കൊളോ 1:1–9<br>മത്താ 9:27–31 | 31<br>1 യോഹ 2:26–29<br>യോഹ 1:19–29 |



*Wedded on*

02nd Oct. 2022

## Martin | Sneha Mariya

S/o. Mrs. Reena Tony & Mr. Tony C.R.
Chungath House
Kakkad, P.O. Kunnamkulam
Thrissur Dt. - 680 503

D/o. Mrs. Sherly Shaju & Mr. Shaju P.V.
Porathur House
Choolissery P.O., Kolangatttukara
Thrissur

*Sharing the happiness :Merlin, Martina & Danal Paul*




T.T.DEVASSY JEWELLERY
SINCE 1941

KUNNAMKULAM

CALICUT ROAD, MOB: 94969 16000

www.ttdevassyjewllery.com  ttdevassy

Published by : Chief Editor, Touchme, Kunnamkulam - for Private Circulation only
Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM